DESPATCHED
22/03/22

19/3/22

സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
തിരുവനന്തപുരം 695 001

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic.ker@nic.in

ഹർജി നമ്പർ **AP. 1470*(2)/2017*/*എസ്.ഐ.സി.***

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം

(ഫയൽ നമ്പർ **10801**/*എസ്.ഐ.സി-ജി 6/17)*

സന്നിഹിതൻ

ഡോ.കെ.എൽ.വിവേകാനന്ദൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ

ശ്രീ.പി.ജെ.ജോൺസൺ,
പുത്തൻപുരയ്ക്കൽ വില്ല,
പുന്നപ്ര പി.ഒ., ആലപ്പുഴ,
പിൻ - 688 004. } അപ്പീൽ ഹർജിക്കാരൻ

Vs

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ&
   വില്ലേജ് ഓഫീസർ,
   വില്ലേജ് ഓഫീസ്, പുന്നപ്ര.

2. അപ്പീൽ അധികാരി&
   തഹസിൽദാർ(എൽ.ആർ.),
   അമ്പലപ്പുഴ താലൂക്ക് ഓഫീസ്,ആലപ്പുഴ.

} എതിർകക്ഷികൾ

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 07.06.2017 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 01.07.2017 |
| ഒന്നാം അപ്പീൽ അപേക്ഷാ തീയതി | 04.07. 2017 |
| ഒന്നാം അപ്പീൽ അപേക്ഷ തീർപ്പാക്കിയ തീയതി | 22.07. 2017 |
| കമ്മീഷനിൽ അപ്പീൽ സമർപ്പിച്ച തീയതി | 08.08.2017 |
| കമ്മീഷനിൽ അപ്പീൽ കൈപ്പറ്റിയ തീയതി | 10.08. 2017 |
| ഹിയറിംഗ് നടന്ന തീയതി | 03.03.2022, ഓഡിയോ ഹിയറിംഗ് |
| ഹിയറിംഗിലെ സാന്നിദ്ധ്യം: അപ്പീൽ ഹർജിക്കാരൻ | ഹാജരായിരുന്നു. |
| എസ്.പി.ഐ.ഒ. | ഹാജരായിരുന്നു. |

## ഉത്തരവ്

അപ്പീൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ടിയാൻ ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയ്ക്കും ഒന്നാം അപ്പീലിനും ലഭിച്ച മറുപടി തൃപ്തികരമല്ലെന്നാണ്.

2. അപ്പീൽ ഹർജിക്കാരൻ 07.06.2017ന് ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്നത്, ടി ഓഫീസിലെ 2016 വർഷത്തിലെ സർട്ടിഫിക്കറ്റ് രജിസ്റ്ററിൽ 2131-ാം ക്രമനമ്പരായി രേഖപ്പെടുത്തിയിരിക്കുന്ന തണ്ടപ്പേർ (TP) വിവരങ്ങളുടെയും റീസർവ്വെ സംബന്ധമായ വിവരങ്ങളുടെയും (FMB) പകർപ്പുകൾ നൽകണമെന്നാണ്.

ആയതിന് 01.07.2017ന് നൽകിയ മറുപടിയിൽ പ്രസ്താവിച്ചിരിക്കുന്നത്, ടി ഓഫീസിലെ 2016-10 ആണ്ടിലെ സർട്ടിഫിക്കറ്റ് രജിസ്റ്ററിൽ 2131-ാം ക്രമനമ്പരായി രേഖപ്പെടുത്തിയിരിക്കുന്ന സർട്ടിഫിക്കറ്റ് വിവരത്തിൽ തണ്ടപ്പേർ വിവരങ്ങൾ ചേർത്തിട്ടില്ലെന്നും അപേക്ഷയിൽ പറയുന്ന റീ സർവ്വെ നമ്പരായ 72/21 എന്നതാണ് സർട്ടിഫിക്കറ്റ് രജിസ്റ്ററിൽ ചേർത്തിട്ടുള്ളതെന്നും റീ സർവ്വെ നമ്പരിൽ 72 ന്റെ 1 മുതൽ 8വരെയുള്ള വസ്തുവിന്റെ FMB മാത്രമേ ടി ഓഫീസിൽ ലഭ്യമാവുകയുള്ളു എന്നാണ് അറിയിച്ചത്.

ടി മറുപടിയിൽ അതൃപ്തി രേഖപ്പെടുത്തി സമർപ്പിച്ച ഒന്നാം അപ്പീലിന് 22.07.2017ന് നൽകിയ മറുപടിയിൽ സൂചിപ്പിച്ചിരിക്കുന്നത്, അപ്പീൽ ഹർജി തീർപ്പാക്കുന്നതിനായി ഹർജിക്കാരനേയും എസ്.പി.ഐ.ഒ.യേയും കേൾക്കുന്നതിന് 15.07.2017ന് നോട്ടീസ് നൽകുകയും ഇരുകക്ഷികളും ഹാജരാകുകയും ചെയ്തുവെന്നുമാണ്. പുന്നപ്ര വില്ലേജാഫീസിലെ 2016ലെ സർട്ടിഫിക്കറ്റ് രജിസ്റ്ററിൽ 2131-ാം ക്രമനമ്പറായി രേഖപ്പെടുത്തിയിരിക്കുന്ന തണ്ടപ്പേർ വിവരങ്ങളുടെയും റീസർവ്വെ സംബന്ധമായി വിവരങ്ങളുടെയും (എഫ്.എം.ബി.) പകർപ്പുകളാണ് ഹർജിക്കാരൻ ആവശ്യപ്പെട്ടിരുന്നതെന്നും രജിസ്റ്ററിൽ വിവരങ്ങൾ തെറ്റായാണ് രേഖപ്പെടുത്തിയിരിക്കുന്നതെന്നും റീസർവ്വെ 72/21ന്റെ വിവരങ്ങൾ വില്ലേജിൽ ലഭ്യമല്ല എന്നറിയിച്ചത് ശരിയല്ലെന്നും രജിസ്റ്ററിൽ 72/121 എന്നാണ് ചേർത്തിരിക്കുന്നതെന്നും ആയതിന്റെ വാസ്തവം പരിശോധിക്കണമെന്നും കാണിച്ച് വിചാരണയിൽ ഹർജിക്കാ

രൻ മൊഴി നൽകിയെന്നാണ്. കൂടാതെ സർട്ടിഫിക്കറ്റ് രജിസ്റ്ററിലും നൽകിയ സർട്ടിഫിക്കറ്റിലും തണ്ടപ്പേർ നമ്പർ രേഖപ്പെടുത്തിയിട്ടില്ലെന്നും എഫ്.എം. ബി. സംബന്ധിച്ച അപേക്ഷയിൽ സർവ്വെ നമ്പർ 72/21 ആണെന്നും ആയത് സർട്ടിഫിക്കറ്റ് രജിസ്റ്ററിൽ 72/121 എന്ന് തെറ്റായി ചേർത്തു പോയതാണെന്നും ആയതിന്റെ അടിസ്ഥാനത്തിലാണ് വിവരം ലഭ്യമല്ലെന്ന് മറുപടി നൽകിയ തെന്നുമാണ് എസ്.പി.ഐ.ഒ. മൊഴി നൽകിയത്. റീസർവ്വെ 72/1-21 വരെയു ള്ള എഫ്.എം.ബി. ലഭ്യമാണോയെന്ന് പരിശോധിക്കാനും ലഭ്യമാണെങ്കിൽ ആയത് ഉടൻ തന്നെ ഹർജിക്കാരന് സൗജന്യമായി നൽകുവാനും എസ്.പി. ഐ.ഒ.യ്ക്ക് നിർദ്ദേശം നൽകി അപ്പീൽ തീർപ്പാക്കി ഉത്തരവായെന്നുമാണ്.

3. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിലും ഇരുകക്ഷികളെയും കേട്ടതിലും ഹർജിക്കാരന് സമയബന്ധിതമായി മറുപടി നൽകിയിട്ടുണ്ടെന്ന് ഒന്നാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചു. എന്നാൽ ഹർജിക്കാരന്റെ അപേക്ഷയ്ക്ക് കളവായതും തെറ്റിദ്ധരിപ്പിക്കുന്ന തുമായ മറുപടിയാണ് നൽകിയതെന്നാണ് കമ്മീഷൻ മുമ്പാകെ ഉന്നയിച്ചിരി ക്കുന്നത്. മൊഴിയും അനുബന്ധരേഖകളും പരിശോധിച്ചതിൽ ഹർജിക്കാ രന്റെ അപേക്ഷയിൽ ആവശ്യപ്പെട്ട FMB യുടെ പകർപ്പുകൾ ടിയാന് ലഭ്യമാ യിട്ടുണ്ടന്ന് കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചു. കൂടാതെ ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരങ്ങൾ എസ്.പി.ഐ.ഒ. നൽകിയതായി കാണുന്നതി നാൽ ഈ അപ്പീൽ ഹർജി ഇന്നേദിവസം 2022 മാർച്ച് 19-ാം തീയതി കമ്മീഷൻ തീർപ്പാക്കി ഉത്തരവാകുന്നു.

(ഒപ്പ്)
ഡോ.കെ.എൽ.വിവേകാനന്ദൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ജോയിന്റ് സെക്രട്ടറി (ധനകാര്യം)
Gc/